# കോളേജ് ഓഫ് എഞ്ചിനീയറിംഗ്
# ആറ്റിങ്ങൽ

നം.പി /337/25/ സി ഇ എ എൽ തീയതി : 14.01.2026

## ലേലം/ക്വട്ടേഷൻ നോട്ടീസ്

ആറ്റിങ്ങൽ IHRD എഞ്ചിനീറിംഗ് കോളേജ് ക്യാമ്പസ്സിൽ കോളേജ് ഗേറ്റിനു സമീപത്ത് മതിലിനു ചേർന്ന് നിൽക്കുന്ന 3 തേക്ക മരങ്ങൾ വെട്ടി നീക്കം ചെയ്തു കൊണ്ടുപോകാൻ താല്പര്യമുള്ളവരിൽനിന്നും മത്സരാടിസ്ഥാനത്തിൽ ലേലം/ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ 30.01.2026–ന് രാവിലെ 11 വരെ സ്വീകരിക്കും. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു പുറത്ത് തേക്കമരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ക്വട്ടേഷൻ എന്ന് എഴുതിയിരിക്കണം. താമസിച്ച കിട്ടുന്ന ക്വട്ടേഷനുകൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല. ലേലം 30.01.2026 ന് 11.30ന് നടക്കും. ലേലം/ക്വട്ടേഷനിൽ പങ്കടുക്കുന്നവർക്ക് എല്ലാ പ്രവർത്തിദിവസം 10 മണിക്കും 3 മണിക്കും ഇടയ്ക്ക് മരങ്ങൾ കാണാവുന്നതാണ്.

### ലേലം/ക്വട്ടേഷൻ വ്യവസ്ഥകൾ

1. ക്വട്ടേഷൻ /ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഫോട്ടോ പതിച്ച നിയമപരമായ തിരിച്ചറിയൽ രേഖകളിൽ ഏതെങ്കിലും കൊണ്ടു വരേണ്ടതാണ്. അല്ലാത്ത പക്ഷം ലേലം/ക്വട്ടേഷനിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

2. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യം 5000/- രൂപ ലേല ദിവസമായ 30.01.2026–ന് 11 മണിക്ക് മുൻപായി ഓഫീസിൽ അടക്കേണ്ടതാണ്. നിരതദ്രവ്യം അടച്ചവരെ മാത്രമേ ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ.

3. ക്വട്ടേഷനിൽ 3 മരങ്ങളുടെയും ആകെ വിലയാണ് കാണിക്കേണ്ടത്. ലേലത്തിൽ ഏറ്റവും കൂടുതൽ സംഖ്യക്ക് വിളിക്കുന്ന ആളിന്റെ പേരിലോ ലേലത്തിനുശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതും. ടിയാൻ ലേലം/ക്വട്ടേഷൻ തുകയുടെ ⅓ ഭാഗം അന്നേദിവസം തന്നെ ഓഫീസിൽ അടക്കേണ്ടതും ബാക്കി തുക 3 പ്രവർത്തി ദിവസത്തിനകം അടക്കേണ്ടതുമാണ്. അതോടൊപ്പം നിയമാനുസൃത GSTയും ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സും അടക്കണം. അതിനു ശേഷം മാത്രമേ മരങ്ങൾ കൊണ്ടുപോകാൻ അനുവദിക്കുകയുള്ളൂ.

4. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കിട്ടുന്നയാൾ മുഴുവൻ ലേല തുക അടച്ചതിനു ശേഷം മാത്രമേ മറ്റുള്ളവരുടെ നിരതദ്രവ്യം തിരികെ നൽകൂ.

5. മരങ്ങൾ കൊണ്ടുപോകുമ്പോൾ ചുറ്റുമുള്ള സ്ഥാപരജംഗമ വസ്തുക്കൾക്ക് യാതൊരുവിധ നാശനഷ്ട്ടങ്ങൾ ഉണ്ടാകുവാൻ പാടുള്ളതല്ല. ഏതെങ്കിലും വിധത്തിൽ കോളേജിനോ, വ്യക്തികൾക്കോ മറ്റുസ്ഥാപനങ്ങൾക്കോ, സ്ഥാപരജംഗമ വസ്തുക്കൾക്കോ നാശനഷ്ടങ്ങൾ ഉണ്ടാകുന്നപക്ഷം അതിന്റെ പൂർണ ഉത്തരവാദിത്തവും ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ വ്യക്തിയുടേതായിരിക്കുകയും കോളേജ് പ്രിൻസിപ്പാൾ നിശ്ചയിക്കുന്ന നഷ്ടപരിഹാരം അടക്കുവാൻ ലേലം/ക്വട്ടേഷൻ ഉറപ്പിച്ചുകിട്ടിയ ആൾ ബാധ്യസ്ഥനായിരിക്കുന്നതുമാണ്.

6. ക്വട്ടേഷൻ/ലേലം സംബന്ധിച്ച് ഏതൊരു കാര്യത്തിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

7. ഏതെങ്കിലും അവിചാരിതമായ കാരണത്താൽ ലേലം/ക്വട്ടേഷൻ ദിവസം അവധി ദിവസമായി വരികയാണെങ്കിൽ ലേലം/ക്വട്ടേഷൻ അടുത്ത പ്രവർത്തി ദിവസം നിശ്ചിതസമയത്തു തന്നെ നടത്തുന്നതാണ്.

പ്രിൻസിപ്പാൾ

PRINCIPAL
COLLEGE OF ENGINEERING
ATTINGAL

To,
1. നോട്ടീസ് ബോർഡ്
2. മുൻസിപ്പാലിറ്റി/നോട്ടീസ് ബോർഡ്

COLLEGE OF ENGINEERING ATTINGAL